മാധ്യമം • ഞായർ • 20 മേയ് 2018 • ലക്കം 1564

വാരാദ്യ മാധ്യമം

varadyam@madhyamam.in



നാരായനും ഭാര്യ ലതയും ● ചിത്രം: ബൈജു കൊടുവള്ളി

## മലയാളത്തിലെ ആദ്യ ഗോത്ര സാഹിത്യകാരൻ ചോദിക്കുന്നു

# നിങ്ങളുടെ സാഹിത്യം ഞങ്ങൾക്കെന്ത് തന്നു?

നാരായന്റെ 'കൊച്ചരേത്തി' രചനയുടെ 20ാം പിറന്നാളിൽ എത്തിനിൽക്കുകയാണ്. 'കൊച്ചരേത്തി'ക്ക് പകരംവെക്കാൻ മലയാളത്തിലെ ഗോത്രസാഹിത്യം ഇനിയും വളർന്നിട്ടില്ല. ഏഴ് ഭാഷകളിൽ മൊഴിമാറ്റം ചെയ്യപ്പെട്ട ഈ നോവൽ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിരുന്നു. അരയ വുമൻ എന്ന പേരിൽ ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രസ് ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിച്ചു. ഇതിനകം 18 പുസ്തകങ്ങൾ അദ്ദേഹം എഴുതിക്കഴിഞ്ഞു. എഴുത്തിടങ്ങളിൽ ഇപ്പോഴും സജീവമാണ് അദ്ദേഹം

നാരായൻ \ പി.പി. പ്രശാന്ത്

കാടോരങ്ങളിലെ ആദിവാസികളെ ചിത്രക്കൂടിനകത്താക്കി ഭാവനയും ദുരൂഹതയും സമം ചേർത്താൽ ഗോത്രസാഹിത്യമായി എന്ന ധാരണ പൊളിച്ചെഴുതിയാണ് നാരായൻ എന്ന സാഹിത്യകാരൻ കുടയത്തൂർ മലയിറങ്ങിവന്നത്. വെറുംകൈയോടെയായിരുന്നില്ല വരവ്. ആദിവാസി സംസ്കാരവും ഐതിഹ്യങ്ങളും അറിവുകളും സമാഹരിച്ച് 'നിങ്ങളേക്കാൾ ഒട്ടും കുറവല്ല ഞങ്ങൾ' എന്ന് വിളിച്ചുപറഞ്ഞവയായിരുന്നു അദ്ദേഹത്തിന്റെ കഥകളും കവിതകളും. അങ്ങനെയാണ് നാരായൻ മലയാളി സാഹിത്യത്തെ ഗോത്രവഴിയിലൂടെ നടത്തിച്ച നേരെഴുത്തുകാരനായത്. നാട്ടുവാസികൾ കണ്ടുശീലിച്ച സംസ്കൃതിക്ക് ബദൽവെക്കാൻ പറ്റിയതൊക്കെ അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. 1998ൽ പുറത്തിറക്കിയ 'കൊച്ചരേത്തി' എന്ന ആദ്യകൃതിക്ക് പകരം വെക്കാൻ പാകത്തിൽ ഇനിയും ഗോത്രസാഹിത്യം വളർന്നിട്ടില്ല. ഏഴ് ഭാഷകളിൽ മൊഴിമാറ്റം നടത്തിയ ഈ നോവൽ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിരുന്നു. അരയ വുമൻ എന്ന പേരിൽ ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രസ് ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിച്ചു. ഇതിനകം 18 പുസ്തകങ്ങൾ അദ്ദേഹം എഴുതിക്കഴിഞ്ഞു. അലങ്കാരത്തിന് കേരള സാഹിത്യ അക്കാദമി അംഗത്വം നൽകിയതൊഴിച്ചാൽ അർഹിക്കുന്ന അംഗീകാരം ഈ റിട്ട. പോസ്റ്റൽ ജീവനക്കാരന് കിട്ടിയിട്ടില്ല. നിലവിൽ കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമാണ് അദ്ദേഹം. എറണാകുളം എളമക്കരയിലെ വാടക വീട്ടിലിരുന്ന് നാരായൻ 'വാരാദ്യ മാധ്യമ'വുമായി ജീവിതവും വിചാരങ്ങളും പങ്കിടുന്നു.

**വ്യത്യസ്ത കാലഘട്ടങ്ങളുടെ കൂടിച്ചേരലാണ് താങ്കളുടെ കൃതികളിലേറെയും. ഐതിഹ്യങ്ങളെ തേടിയുള്ള അലച്ചിലിലാണ് താങ്കളുടെ കഥകൾ ഉടലെടുക്കുന്നത്. പുതുതലമുറയിലൂടെ ജീവിത സാഹചര്യങ്ങളെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. നാടിനെക്കുറിച്ചും ഗോത്രത്തെക്കുറിച്ചും പറയാമോ?**

» തൊടുപുഴയിൽനിന്ന് മൂലമറ്റത്തേക്ക് പോകുമ്പോൾ കാണുന്ന കുടയത്തൂർ മലയുടെ അടിവാരത്തായിരുന്നു അച്ഛന്റെ വീട്. ഞങ്ങളടക്കം ആദിവാസി സമൂഹത്തിൽപ്പെട്ട മലയരയന്മാരുടെ 30ഓളം കുടുംബങ്ങളാണ് അവിടെ താമസിച്ചിരുന്നത്. കീഴ്മലനാട് എന്ന പഴയനാട്ടുരാജ്യമായിരുന്നു പണ്ട് ഞങ്ങളുടെ നാട്. കാരിക്കോട് ആയിരുന്നു ആസ്ഥാനം. തിരുവിതാംകൂറിന്റെ ഭാഗമായി മാറി. കോതവർമൻ എന്ന രാജാവ് കാരിക്കോട് ഭരിച്ചിരുന്നതായി രേഖകളിലുണ്ട്. കാടുവെട്ടി കൃഷി ചെയ്യാൻ ഞങ്ങളുടെ പിതൃക്കന്മാർക്ക് രാജാക്കന്മാർ അനുവാദം നൽകിയിരുന്നു. അവിടെ ചെയ്തുവരുന്ന കൃഷിയായിരുന്നു ജീവിതമാർഗം. കുരുമുളകും ഏലവും നെല്ലുമൊക്കെ കൃഷിചെയ്യും. വിളവെടുക്കുമ്പോൾ ആറിലൊന്ന് രാജാവിനുള്ളതെന്നായിരുന്നു പൂർവികർ പറഞ്ഞുതന്നിരുന്നത്. കാട്ടുകല്ല്, ഈറ്റ, മണ്ണ് ഉപയോഗിച്ച വീടുകളായിരുന്നു പാരമ്പര്യമായി ഞങ്ങളുടേത്. ഒട്ടുംമടിക്കാതെ ദാരിദ്ര്യം ഞങ്ങളോടൊത്ത് വന്നിരുന്നു.

**പോസ്റ്റൽ ജീവനക്കാരനിൽനിന്ന് സാഹിത്യകാരൻ എന്ന മേൽവിലാസത്തിലേക്ക് എത്തിയത് എങ്ങനെ?**

» കടം വാങ്ങിയ പുസ്തകങ്ങൾ പഠിച്ചാണ് ഞാൻ പത്താംക്ലാസ് പാസായത്. സ്കൂളിൽ പോയതിന് പിന്നിൽ അക്ഷരങ്ങൾ പഠിക്കുക എന്നതായിരുന്നില്ല, ഉച്ച ഭക്ഷണം ആയിരുന്നു ലക്ഷ്യം. കോളജിൽ പഠിക്കാൻ സാഹചര്യമുണ്ടായിരുന്നില്ല. അടക്ക പറിക്കാൻ സഹായിയായി പോകുന്നതിനിടക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നതും പിന്നീട് പോസ്റ്റൽ വകുപ്പിൽ ക്ലർക്കായി ജോലി ലഭിക്കുന്നതും. അക്ഷരങ്ങൾ വായിച്ചുതുടങ്ങിയ കാലത്ത് വായനതാൽപര്യം കണ്ടറിഞ്ഞ മഹാത്മ വായനശാല സെക്രട്ടറി നീട്ടിത്തന്ന പുസ്തകങ്ങളായിരുന്നു വഴികാട്ടി. അധികം താമസിയാതെ നല്ല വായനക്കാരനായി മാറി. പുസ്തകങ്ങൾ ജീവിതത്തിന്റെ ഭാഗമായി.

പുറമെ നിന്നുള്ള ആളുകളുടെ പ്രകോപനപരമായ സൃഷ്ടികളാണ് എഴുതാൻ പ്രചോദനമായത്. പല പ്രസിദ്ധീകരണങ്ങളിലും ആദിവാസി വിഭാഗവുമായി ബന്ധപ്പെട്ട് അവാസ്തവവും യാഥാർഥ്യവുമായി പുലബന്ധമില്ലാത്തതുമായ രചനകളും കെട്ടുകഥകളും വന്നുതുടങ്ങിയപ്പോൾ പ്രതികരിക്കാൻ എഴുതണമെന്ന് തോന്നി. ആദിവാസികൾ പ്രതികരണശേഷി ഇല്ലാത്തവരായതുകൊണ്ട് എന്തും ചൂടപ്പം പോലെ ചെലവായിപ്പോകും എന്ന ധാരണ പല എഴുത്തുകാർക്കുമുണ്ട്. ആ രീതിയിൽ ഇവിടെ ഒരുപാട് എഴുത്തുകൾ ഉണ്ടായിട്ടുമുണ്ട്. അവയിൽ ചിലത് ഞാൻ വായിച്ചിട്ടുണ്ട്. രൂക്ഷമായി പ്രതികരിച്ചിട്ടുമുണ്ട്. സത്യസന്ധമായി ആദിവാസി ജീവിതത്തെ പരിചയപ്പെടുത്താൻ കഴിയുന്ന രചന വായിക്കാൻ കഴിയുമോ എന്ന അന്വേഷണം സ്വാഭാവികമായി ഉള്ളിലുണ്ടായിരുന്നു. ആ അന്വേഷണം എന്റെ വായനയുടെ ദിശ നിർണയിച്ചു. അത് ചെന്നെത്തിയത് പേൾ എസ്. ബക്കിന്റെ 'നല്ല ഭൂമി' എന്ന നോവലിലേക്കായിരുന്നു. അതായിരുന്നു എഴുതാൻ പ്രേരിപ്പിച്ച കൃതി.

**'കൊച്ചരേത്തി' എന്ന കഥാപാത്രം താങ്കളുടെ വഴിയിൽ എത്തിയത് എങ്ങനെ?**

» 1980നുശേഷമാണ് കൊച്ചരേത്തി എഴുതിത്തുടങ്ങിയത്. ഗ്രാമത്തിൽ ചട്ടിയും കലവുമൊക്കെ വിൽക്കാൻ വരുന്നവർ ചെറുപ്പക്കാരികളെ കൊച്ചരേത്തിയെന്നാണ് വിളിച്ചിരുന്നത്. അതാണ് നോവലിനിട്ടത്. നോവലെഴുതിയ ശേഷം 15 വർഷം പുറംലോകം കാണാതെ പെട്ടിയിലിരുന്നു. പെൻഷൻ പറ്റിയശേഷം ആ നോവൽ ഡി.സി ബുക്സിന് അയച്ചുകൊടുക്കുകയായിരുന്നു. പ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, ആ സ്വപ്നം യാഥാർഥ്യമായി. വെല്ലുവിളി ഏറെ ഉണ്ടായിരുന്നു. ഒരുപാട് ദുരനുഭവങ്ങളും ഉണ്ടായി. സഹായിച്ചവരും നിന്ദിച്ചവരും ഏറെ. 1999ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ ഈ നോവലിന്റെ ഹിന്ദി പരിഭാഷ കേന്ദ്രസാഹിത്യ അക്കാദമിയാണ് പുറത്തിറക്കിയത്.

**ഗോത്രഭാഷയിൽ തന്നെയാണ് താങ്കളുടെ കൃതികളും. ആ ഭാഷയുടെ സാധ്യതയും പരിമിതിയും എങ്ങനെ വിലയിരുത്തുന്നു?**

» ഞാനെഴുതുന്ന കഥകൾ പലർക്കും ഒറ്റവായനകൊണ്ട് മനസ്സിലാവില്ല എന്ന പരിമിതി തിരിച്ചറിയുന്നുണ്ട്. ആദിവാസികളുമായി ബന്ധപ്പെട്ട സംഭവങ്ങളും സാഹചര്യങ്ങളും അവരുമായി ബന്ധപ്പെടുന്നവർക്ക് വളരെപ്പെട്ടന്ന് പിടികിട്ടും. പഴയ തലമുറയുടെ ആ ഭാഷ പുതുതലമുറക്ക് പോലും കൈമോശം വന്നിരിക്കുന്നു. എന്റെ തലമുറയിൽപോലും സംസാരത്തിനിടെ അപൂർവമായി വന്നുപോകുന്ന വാക്കുകൾ മാത്രമായി ഞങ്ങളുടെ ഭാഷ. പൊതുസമൂഹവുമായുണ്ടായ കൂടിച്ചേരലാണ് അതിന് കാരണം. നഷ്ടപ്പെട്ട ആ ഭാഷയെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമായിരുന്നു കൊച്ചരേത്തി.

**ദലിത് എഴുത്തുകാർ ഏറെ വരുന്നുണ്ടെങ്കിലും ഗോത്രസാഹിത്യ രചന അത്രയധികമില്ലല്ലോ**

» ഗോത്രസാഹിത്യത്തിൽ അധികമൊന്നും മലയാളത്തിലുള്ള രചനകൾ വന്നിട്ടില്ല. അവരുടെ ജീവിതവും ചരിത്രവും എഴുതാൻ ആത്മാർഥതയുള്ള എഴുത്തുകാർ വരണം. അവർക്ക് മനസ്സിലാകുന്ന രീതിയിൽ പ്രാദേശിക ഭാഷയിലാവണം എഴുത്ത്. അതിന് അവരുമായി സമ്പർക്കം ഉണ്ടാകണം. അവരുടെ ഭാഷയും ചിന്തയും അറിഞ്ഞേ തീരൂ. മുതിർന്നവരുമായി സംവദിക്കണം. അവരുടെ ജീവിതാനുഭവങ്ങൾ കേൾക്കണം. കൈയേറ്റക്കാരുമുണ്ട് അവിടെ. അവർ സംസാരിക്കുന്ന ഭാഷ വേറെയാണ്. എഴുതിക്കഴിഞ്ഞാൽ അത് പ്രസിദ്ധീകരിക്കുംമുമ്പ് തെറ്റ് തിരുത്താൻ ശ്രദ്ധിക്കണം. അതിന് രണ്ടാം അഭിപ്രായം സ്വരൂപിക്കണം. 'നല്ല ഭൂമി' എന്ന കൃതി എഴുതാൻ പേൾ എസ്. ബക്ക് 20 വർഷക്കാലം ചൈനീസ് കുഗ്രാമത്തിൽ ആ ജനവിഭാഗത്തോടൊപ്പം താമസിച്ചു എന്നറിയാമോ...



നാരായൻ

**വിദ്യാഭ്യാസം ആദിവാസി സമൂഹത്തിൽ എന്ത് മാറ്റമാണ് വരുത്തിയത്?**

» ആദിവാസി സംസ്കൃതി തകർക്കപ്പെടുകയായിരുന്നില്ല. അത് താനെ തകരുകയായിരുന്നു. സാമൂഹിക സാഹചര്യത്തിന്റെ സ്വാഭാവിക ഇടപെടലുകളിലൂടെയാണ് അത് വന്നുചേർന്നത്. വാമൊഴിയിലൂടെയായിരുന്നു ആദിവാസികൾ തങ്ങളുടെ അറിവുകൾ പകർന്നുനൽകിയത്. അന്നത്തെ വിദ്യാഭ്യാസം എന്നത് ഇന്നത്തെ വിദ്യാഭ്യാസവുമായി പുലബന്ധം പോലുമില്ല. വിദ്യാഭ്യാസമെന്നത് അന്ന് ചെലവേറിയതായിരുന്നു. കാരണം, വിശാലമായ മുറ്റം വേണം. പുറത്തുനിന്നുള്ള ആളെയാണ് ആശാനായി തിരഞ്ഞെടുക്കുക. അക്ഷരവിദ്യയും പുരാണ കഥകളുമാണ് പഠിപ്പിക്കുക. അത്യാവശ്യം കണക്കും. എനിക്ക് സ്കൂളിൽ പഠിക്കാൻ അവസരം കിട്ടിയെങ്കിലും എന്റെ അച്ഛാച്ഛന്റെ കാലത്ത് ഇങ്ങനെയായിരുന്നു. ആശാൻ ചെമ്പുതകിടിലെ പഴയ ശ്ലോകങ്ങൾ പഠിപ്പിക്കും. വിദ്യാർഥികൾ നിലത്ത് വിരിച്ച മണലിൽ എഴുതിപ്പഠിക്കും. വിദ്യാഭ്യാസം പൂർത്തിയാവുമ്പോൾ ദക്ഷിണവെക്കും. രണ്ട് ചക്രം, ഇടങ്ങഴി അരി. കാൽ വീഴുന്ന മിടുക്കനായ വിദ്യാർഥിക്ക് ആശാൻ എഴുത്തോല നൽകി 'നീ ഗുരുവാകുക' എന്ന് പറഞ്ഞ് അനുഗ്രഹിക്കും. വിഷ ചികിത്സയും പഠനത്തിന്റെ ഭാഗമായിരുന്നു. സാമ്പത്തികാവസ്ഥ മാത്രമല്ല, സമൂഹത്തിനായി നല്ലത് ചെയ്യണമെന്ന ആഗ്രഹം ഉള്ളവരേ വിദ്യാഭ്യാസത്തിന് മെനക്കെട്ടിരുന്നുള്ളൂ. എന്റെ അച്ഛൻ നാലാം ക്ലാസ് വരെ പഠിച്ചിട്ടുണ്ട്. ആ സ്കൂളിൽ തന്നെയാണ് ഞാൻ പഠിച്ചത്. ആ സ്കൂളുകൾ തുടങ്ങിയത് ജനകീയ സർക്കാർ അല്ല. അവിടെ ഉണ്ടായിരുന്ന രാജാക്കന്മാരാണ്. ആ പ്രദേശത്ത് വേറെ പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നില്ല. ഇന്നും ഉണ്ട് അവിടെ ആ സ്കൂൾ.

**സ്കൂൾ പഠന കാലത്ത് കൂടുതലും ഡ്രോപ് ഔട്ടുകളായിരുന്നു അല്ലേ?**

» അതിന് കാരണമുണ്ട്. ഞങ്ങൾക്ക് ഞങ്ങളുടേതായ സംസാരഭാഷ ഉണ്ട്. ഒന്നിലും ലിപികളില്ല. ഞങ്ങളുടെ ഒരു വാക്കുപോലും പഠന വിഷയത്തിൽ വരുന്നില്ല. ഞങ്ങളെപ്പോലുള്ളവർ ഭൂമിയിലുണ്ട് എന്ന അറിവുപോലും പാഠപുസ്തകങ്ങളിൽനിന്ന് ലഭിച്ചില്ല. അഞ്ചുകി.മീറ്ററെങ്കിലും അകലെയാകും ഞങ്ങളുടെ സ്കൂൾ. അവിടെ നടന്നെത്തേണ്ടതായതിനാൽ ആറുവയസ്സു മുതലുള്ളവരെയേ സ്കൂളിൽ വിടൂ. കൂടുതൽ പേരും ഉച്ചഭക്ഷണത്തിനായിരിക്കും പോകുന്നത്. വയസ്സുമൂപ്പുകൊണ്ടുതന്നെ അവർ ക്ലാസിൽ ഒറ്റപ്പെട്ടുപോകും. അന്തർമുഖരാകും. അവർ പഠനം ഉപേക്ഷിച്ച് കാടുകയറും. ഇതാണ് തന്റെ ജീവിതമെന്ന് അവർതന്നെ നിശ്ചയിക്കും. കൊലചെയ്യപ്പെട്ട മധുവിനെപ്പോലുള്ളവർ സൃഷ്ടിക്കപ്പെടുന്നത് അങ്ങനെയാണ്. ഇന്നും ഈ അവസ്ഥയിൽ മാറ്റമില്ല.

**ആദിവാസിയായി എന്നതിന്റെ പേരിൽ സാഹിത്യരംഗത്തുനിന്ന് മോശം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?**

» എന്നോട് ചിലർ ചോദിച്ചിട്ടുണ്ട് എന്തിനാണ് ആദിവാസി സാഹിത്യം, ഒരു സാഹിത്യം പോരേ എന്ന്. ഞാൻ മറുചോദ്യം ഉന്നയിച്ചു. നമ്മുടെ സംസ്കാരത്തിന് 5000 കൊല്ലത്തെ പഴക്കം ഉണ്ട് എന്ന് കരുതുക. ഇതുവരെ ഇവിടത്തെ സാഹിത്യം നിങ്ങളുടേതായിരുന്നു. ഞങ്ങൾക്ക് എന്ത് പ്രയോജനമാണ് ഇതുവരെ ഉണ്ടായത്. ഞങ്ങളെ മനുഷ്യരാണെന്ന് കാണാൻ പോലും നിങ്ങളുടെ സാഹിത്യത്തിനായില്ല. ഞങ്ങളിൽ ചിലർ അത് തിരിച്ചറിയുന്നു. ഇപ്പോൾ ഞങ്ങൾ സൃഷ്ടികൾ നടത്തുന്നു. അത് വിലയിരുത്തുന്നത് നിങ്ങളാണ്. അവാർഡുകൾ പ്രഖ്യാപിക്കുമ്പോൾ എന്റെ പേര് എവിടെയും വരാത്തതിന്റെ ഒരു കാരണം അതാണെന്ന് ഞാൻ കരുതുന്നു. എനിക്ക് അതിൽ പരാതിയില്ല. മുഖ്യധാര പ്രസാധകരിൽനിന്നുപോലും അവഗണന നേരിടേണ്ടിവന്നിട്ടുണ്ട്.

**ആദിവാസി-ദലിത് വിഭാഗങ്ങളോടുള്ള സമീപനം മാറിയില്ല എന്നാണോ?**

» സമൂഹം പുരോഗമിച്ചു എങ്കിലും മനുഷ്യസമൂഹത്തിന്റെ പ്രത്യേകിച്ച് കേരളീയരുടെ മനസ്സിൽനിന്ന് ജാതിയും തൊട്ടുതീണ്ടലുമൊന്നും പോയിട്ടില്ല. എന്തിന് രാഷ്ട്രീയ കക്ഷികളുടെ മനോഭാവംപോലും മാറിയിട്ടില്ല. ഞങ്ങളുടെ സമൂഹത്തിന്റെ ഭൂരിഭാഗവും ഇന്നും മുഖ്യധാരയിൽനിന്ന് അകന്നുതന്നെയാണ്. അവരുടെ ജീവിതം അധികം മാറിയിട്ടില്ല. സമൂഹത്തിന്റെ അകംമനസ്സിൽ ഇന്നും അവർ തീണ്ടാപ്പാടകലെത്തന്നെയാണ്.

**വിരമിച്ചശേഷമുള്ള എഴുത്തുജീവിതം?**

» 'കൃഷ്ണനെല്ലിന്റെ ചോറ്' എന്ന ചെറുകഥ സമാഹാരമാണ് ഒടുവിൽ പുറത്തിറങ്ങിയത്. 14 കഥകളുണ്ട് അതിൽ. അത് വെറും കഥ മാത്രമല്ല, എന്റെ പൂർവികർ പകർന്നുതന്ന അറിവുകൂടിയാണ്. നടന്നതാണോ എന്നറിയില്ല. സൂര്യോദയത്തിന് മുമ്പ് മുളച്ച് സൂര്യാസ്തമയത്തിന് വളർന്നുകുലച്ച് നെൽമണിയായി പാകപ്പെട്ട് കൊഴിഞ്ഞുവീഴുന്ന അപൂർവ ഔഷധമാണ് കൃഷ്ണനെല്ല്. നല്ല നീലനിറത്തിലാണിത്. അച്ഛാച്ഛന്റെ അനിയന്റെ വീട്ടിൽ ഒരു വലിയ പ്ലാപ്പൻ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞുതന്നതാണ് കൃഷ്ണനെല്ലിനെപ്പറ്റി. നൂറിലേറെ വയസ്സുണ്ടായിരുന്നു അദ്ദേഹത്തിന്. സ്കൂളിൽ പഠിക്കുന്നതിന് മുമ്പായിരുന്നു സംഭവം. വെറ്റിലയും പാക്കും ഇടിച്ചുകൊടുക്കുന്നതിനിടെയായിരുന്നു അദ്ദേഹം കഥയോ കാര്യങ്ങളോ പറഞ്ഞിരുന്നത്. ഇലവീഴാപ്പൂഞ്ചിറക്ക് സമീപമുള്ള മലഞ്ചരുവിൽ കാട്ടിൽപോയ മലയരന്മാർക്ക് നീല നിറമുള്ള ഔഷധഗുണമുള്ള വലിയ ചോറ് ഉണ്ടാവുന്ന നെൽവിത്ത് കിട്ടിയ കഥയായിരുന്നു അദ്ദേഹം പറഞ്ഞത്. മലകളുടെ ഉച്ചിയിൽ ഉണ്ടാകുന്ന ദിവ്യൗഷധങ്ങളിലൊന്നാണ് ഇത്. ഇത്തരത്തിൽ പൂർവികരിൽനിന്ന് പറഞ്ഞുകേട്ട അറിവുകളാണ് ഞാൻ അൽപം മേമ്പൊടിയോടെ കഥകളായി അവതരിപ്പിക്കാറ്. കഥകളുടെ ചില ഭാഗങ്ങൾ യുക്തിക്ക് നിരക്കാത്തതാണെങ്കിൽ മുറിച്ചുകളയാറുമുണ്ട്. എന്റെ 18ാമത് പുസ്തകമാണിത്.

**ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നത്?**

» മലയരശന്മാരുടെ ചരിത്രവുമായി ബന്ധപ്പെടുത്തി ഒരു നോവൽ പൂർത്തിയാക്കാനുണ്ട്. 22 അധ്യായമേ കഴിഞ്ഞിട്ടുള്ളൂ. ഐതിഹ്യങ്ങളും ആദിവാസി അറിവുകളുമൊക്കെ കൂടിച്ചേരുന്ന നോവലാണിത്. ഞങ്ങളുടെ പുതുതലമുറക്ക് പോലും അന്യമായ ഐതിഹ്യങ്ങളേറെയുണ്ട് അതിൽ. അവയെ സമകാലിക സംഭവങ്ങളുമായി കൂട്ടിയിണക്കിയാണ് രചന. ●



**‘അങ്ങ് ചൈനയിലേക്ക് നോക്കൂ’ എന്നത് കേവലമൊരു രാഷ്ട്രീയപ്രയോഗം മാത്രമല്ല, ഒരു രാജ്യം കൈവരിച്ച വ്യവസായ പുരോഗതി അടയാളപ്പെടുത്തുന്നൊരു മുദ്രാവാക്യംകൂടിയാണ്. ഗോൺസോയിലെ പ്രസിദ്ധമായ കാൻറൻ ഫെയറിലെ പവിലിയനുകളിൽ കച്ചവടക്കണ്ണോടെ നിറഞ്ഞൊഴുകുന്ന ജനങ്ങൾ ഓരോ രാജ്യങ്ങളുടെ ഭൂപടങ്ങളാണ്. അത്രത്തോളം ചൈനയെന്ന വാണിജ്യ സൗരയൂഥത്തിന് ചുറ്റും കറങ്ങുന്നുണ്ട് ലോകം.**

# കമ്യൂണിസ്റ്റ് പച്ച

യാത്ര

മൻസൂർ അബ്ദു ചെറുവാടി

മുൻവിധികളിൽ കുടുങ്ങിക്കിടക്കുന്ന ചില സ്ഥലങ്ങളുണ്ട്. ഒരിക്കലവിടെ എത്തിപ്പെടുന്നതുവരെ ആ മുൻവിധിയുടെ തടവുകാരായിരിക്കും നമ്മൾ. ഒരു വ്യവസായ രാജ്യം എന്നതിനപ്പുറം ചൈനയെ കാണാനോ അറിയാനോ ശ്രമിക്കാതിരുന്നത് ആ ഒരു കാരണംകൊണ്ടു മാത്രമാണ്. രണ്ടു നൂറ്റാണ്ടിൻെറ വാണിജ്യചരിത്രം പറയാനുള്ള ഗോൻസോ നഗരത്തിലാണ് ഇപ്പോഴുള്ളത്. ഗോൻസോയുടെ പഴയ പേരാണ് കാൻറൻ. ചൈനയിലെ ഏറ്റവും വലിയ മൂന്നാമത്തെ നഗരമാണ് ഗോൻസോ. 2200ഓളം വർഷങ്ങളുടെ പാരമ്പര്യം അവകാശപ്പെടുന്നൊരു നഗരത്തിന് തീർച്ചയായും ആ പാരമ്പര്യത്തിൻെറ പ്രൗഢിയുണ്ട്. ചുവപ്പൻ രാജ്യത്ത് ഹൃദയം നിറക്കുന്ന പച്ചപ്പ് മാത്രമാണെങ്ങും-‘കമ്യൂണിസ്റ്റ് പച്ച’. വന്നിറങ്ങിയതു മുതൽ തോരാതെപെയ്യുന്ന മഴയാണ്. ഇന്നലെവരെ ചൂടായിരുന്നു എന്നു പറയുന്നു. പെട്ടെന്ന് അപ്രതീക്ഷിതമായി തണുപ്പിലേക്ക്. അതെൻെറ മനസ്സറിഞ്ഞുള്ളൊരു മാറ്റമാണെന്ന് ഞാൻ പറയും. മാസങ്ങളും വർഷങ്ങളും കഴിഞ്ഞ് ഈ യാത്രകളെ ഓർത്തെടുക്കുമ്പോൾ ആ മഴയും തണുപ്പും അപ്പോഴും ബാക്കിയുണ്ടാവും. ബർമാഗിലെ ഓൾഡ് ടൗൺ സ്ക്വയറിലെ, ഡാന്യൂബ് തീരത്തെയെല്ലാം ഓർമകൾ സ്വപ്നങ്ങളിലേക്ക് ഓടിക്കയറുമ്പോഴെല്ലാം ആ തണുപ്പറിഞ്ഞിട്ട് പുതപ്പ് വലിച്ചുമൂടാറുണ്ട് ഞാൻ.

‘അങ്ങ് ചൈനയിലേക്ക് നോക്കൂ’ എന്നത് കേവലമൊരു രാഷ്ട്രീയപ്രയോഗം മാത്രമല്ല, ഒരു രാജ്യം കൈവരിച്ച വ്യവസായ പുരോഗതി അടയാളപ്പെടുത്തുന്നൊരു മുദ്രാവാക്യംകൂടിയാണ്. ഗോൻസോയിലെ പ്രസിദ്ധമായ കാൻറൻ ഫെയറിലെ പവിലിയനുകളിൽ കച്ചവടക്കണ്ണോടെ നിറഞ്ഞൊഴുകുന്ന ജനങ്ങൾ ഓരോ രാജ്യങ്ങളുടെ ഭൂപടങ്ങളാണ്. അത്രത്തോളം ചൈനയെന്ന വാണിജ്യ സൗരയൂഥത്തിന് ചുറ്റും കറങ്ങുന്നുണ്ട് ലോകം.

ഷിമെൻകോയിലെ തെരുവുകൾ ഇന്നലെ രാത്രിയും പെയ്ത മഴയിൽ കുതിർന്നുനിൽക്കുകയാണ്. നേരം പുലരുന്നതോടെതന്നെ സജീവമാകുന്ന തെരുവുകൾ. ഓരോ കെട്ടിടങ്ങളുടെ ബാൽക്കണിയിലും ഉയർന്ന കെട്ടിടങ്ങളുടെ ടെറസിലുമെല്ലാം മരങ്ങളടക്കം തലനീട്ടി നിൽക്കുന്നു. ഇലക്ട്രോണിക്സ് വേസ്റ്റുകൾ മാത്രം വന്നടിയുന്നൊരു സ്ഥലം എന്ന മിഥ്യാധാരണകളെ എത്ര പെട്ടെന്നാണ് ഈ നാട് സ്ക്രാപ് ചെയ്തു കളഞ്ഞത്. വഴിയോരം നിറയെ തണൽവിരിച്ചു നിൽക്കുന്ന ഈ മരങ്ങളുടെ പേരെന്താവും? എനിക്കത് ചോദിച്ചറിയേണ്ടതുണ്ട്. സെഡാർ. ലിപ, ചിനാർ, മേപ്പിൾ മരങ്ങൾപോലെ ഇതും ഒരു നാടിനെ മാത്രം അടയാളപ്പെടുത്തുന്നൊരു പ്രതീകമാണ്.



അബി വഖാസ് മസ്ജിദ്

കോൺക്രീറ്റ് നഗരം എന്ന പേര് ഒരിക്കലും ചേരില്ല ഗോൻസോയിക്ക്. അത്രക്കും മികച്ച ടൗൺ പ്ലാനിങ് ആണ് നഗരത്തിന്. ഒരു കെട്ടിടമൊരുക്കാൻ ആദ്യം എത്ര മരങ്ങൾ മുറിച്ചുമാറ്റുന്ന നമ്മുടെ രീതി ഇവിടെ തിരിച്ചാണ്. അത്രക്കും മരങ്ങളും ചെടികളുംകൊണ്ട് നമ്മളൊരു വ്യവസായ നഗരത്തിലാണ് എന്ന് ചിന്തിക്കാനുള്ള അവസരംപോലും നൽകില്ല ഈ നാട്. എപ്പോഴും തിരക്കാണ് ചൈനക്കാരുടെ മുഖത്ത്. വൃദ്ധരായ ആളുകൾപോലും എത്ര ഉത്സാഹത്തോടെയാണ് നടന്നുനീങ്ങുന്നത്. എനിക്കിതിനെ ഈ പ്രകൃതിയോട് ചേർത്തുവായിക്കാനാണ് ഇഷ്ടം. ഈ മരങ്ങളും തണലും നൽകുന്ന ഊർജമാകണം അത്.

ഭക്ഷണം വലിയൊരു പ്രശ്നമാണ് ചൈനയിൽ. ഗോൻസോ മെട്രോ സ്റ്റേഷനടുത്തുള്ള മാർക്കറ്റിനടുത്ത് പാകിസ്താനികൾ നടത്തുന്നൊരു മക്ക ഹോട്ടലുണ്ട്. നല്ല വൃത്തിയുള്ള അന്തരീക്ഷവും രുചിയുള്ള ഭക്ഷണവും. ഷിമെൻകോയിലും ചെറിയൊരു ഹോട്ടലുണ്ട് ഇന്ത്യക്കാരുടെ. കോഴിക്കോട്ടുകാരനായ ഒരാളാണ് അവിടത്തെ ഒരു ജീവനക്കാരൻ. ഈ മാർക്കറ്റ് തന്നെയാണ് ഗോൻസോയിലെ ഏറ്റവും തിരക്കുള്ള സ്ഥലം. ചൈനയിൽ ധാരാളം മലയാളികൾ ജോലി ചെയ്യുന്നുണ്ട്. അവരുടെ നാട്ടിലേക്കുള്ള തിരിച്ചുപോക്കിൽ സാധനങ്ങൾ വാങ്ങുന്നതും ഇവിടെനിന്നാണ്. ഒറിജിനലിനെ വെല്ലുന്ന ഡ്യൂപ്ലിക്കറ്റ് സാധനങ്ങൾ തെരുവുകളിൽ നിറയെ കാണാം. അന്താരാഷ്ട്ര ബ്രാൻഡുകളെല്ലാം ഷോറൂമുകൾ വിട്ട് തെരുവുകളിലെ വിരിപ്പിൽ പകിട്ടില്ലാതെ കിടക്കുന്നു. വിലകുറഞ്ഞ ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ ധാരാളമായി കയറ്റുമതി ചെയ്യുന്ന രാജ്യമാണെങ്കിലും അതിനെല്ലാം പൊതുവേ വില കൂടുതലാണ് ഇവിടെ. ഗോൻസോയി മാർക്കറ്റിലൂടെയുള്ള നടത്തം പഴയ മിഠായിതെരുവിനെ ഓർമിപ്പിച്ചു. തെരുവുകച്ചവടക്കാർ മാത്രമല്ല അതിന് കാരണം, ഇടക്കിടെ ചെവിയിൽ പതിക്കുന്ന മലയാളം വാക്കുകൾകൊണ്ടുമാണ്. അത് കേട്ടപ്പോൾ ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗിൽ അലയുമ്പോൾ ഒരു മുഖവുരയും കൂടാതെ ‘ടാക്സി വേണോ’ എന്ന് ചോദിച്ച മലയാളിയെ ഓർമവന്നു. ഞങ്ങൾ രണ്ടുപേരും ചിരിച്ചു. നാട്ടുകാർ പരസ്പരം തിരിച്ചറിയപ്പെടുന്ന ഒരു അദൃശ്യ വികാരംകൂടിയുണ്ടായിരുന്നു മലയാളത്തിലുള്ള ആ ചോദ്യത്തിൽ.

വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനെത്തിയത് അബി വഖാസ് മസ്ജിദിലായിരുന്നു. ഏറ്റവും പുരാതനമായ ആരാധനാലയമാണിത്. ഒരു ക്ഷേത്രത്തിലേക്ക് കയറുന്നപോലെ തോന്നും പള്ളിയുടെ മുൻവശം. ചൈനീസ് വാസ്തുകലയുടെ പ്രത്യേകതയാകണമത്. പ്രവാചകൻെറ കാലത്ത് ചൈനയിലെ നയതന്ത്രജ്ഞനായി നിയമിക്കപ്പെട്ട സ്വഹാബിയായിരുന്നു സഅദ് ബിൻ അബി വഖാസ്. അദ്ദേഹമാണ് ഈ പള്ളി നിർമിച്ചതും ചൈനയിൽ ഇസ്ലാം മതം പ്രചരിപ്പിച്ചതും. അതും താങ് രാജഭരണകാലത്ത്. പള്ളിക്കു മുന്നിലൊരു ക്ലോക്ക്ടവറുണ്ട്. പള്ളിയുടെതന്നെ മിനാരമാണത്. 1300 വർഷങ്ങളുടെ ചരിത്രത്തിന് സാക്ഷ്യംപറയുമത്. അതായത്, താങ് രാജവംശം തൊട്ട് സഅദ് ബിൻ അബി വഖാസും കഴിഞ്ഞിട്ട് ഷി ജിൻപിങ് വരെയുള്ള ചൈനയുടെ രാഷ്ട്രീയം. കപ്പലുകളുടെ വഴികാട്ടിയായുള്ള ഒരു നിയോഗവും ആ കാലത്ത് ഈ മിനാരങ്ങൾക്കുണ്ടായിരുന്നു.



ഗോൻസോയിലെ പേൾ നദിയുടെ തീരത്തെ കാഴ്ച

ചൈനക്ക് വലിയൊരു ഇസ്ലാമിക പാരമ്പര്യമുണ്ട്. അത് തേടിപ്പോവുക എന്നത് തീർച്ചയായും ആവേശകരമാവും. ഇസ്ലാമിക ആരാധനക്രമങ്ങൾക്ക് ചൈനയിൽ വിലക്കുണ്ട് എന്ന വാർത്തകൾ മാധ്യമങ്ങളിൽ കണ്ടിരുന്നു. ഇനിയത് ഒറ്റപ്പെട്ട വിഷയങ്ങളായിരിക്കുമോ? വിശ്വാസികളല്ല ഭൂരിപക്ഷം ചൈനക്കാരും. എന്നാൽ, സമീപകാലത്ത് ബുദ്ധമതത്തിലേക്ക് കൂടുതൽ ആളുകൾ കടന്നുചെല്ലുന്നു എന്നറിയുന്നു. ഒരു പക്ഷേ, ജനങ്ങൾ കൂടുതൽ വിശ്വാസികളാവുന്നതാവും കമ്യൂണിസ്റ്റ് രാജ്യങ്ങൾ ഭയക്കുന്ന ഒന്ന്. ഗോൻസോയിൽതന്നെ ഒരു ചർച്ചും ബുദ്ധക്ഷേത്രവും വേറെയുണ്ട്. വിവിധയിനം മരങ്ങൾ നിറഞ്ഞൊരു ഉദ്യാനത്തിന് നടുക്കാണ് പള്ളി. മരത്തണലുകളിൽ നമസ്കാരപ്പായ വിരിച്ചു നമസ്കരിക്കുന്നവരുണ്ട്. ഈ മരങ്ങളിലായിരിക്കുമോ ഹൂമെയ് (Hwamei) പക്ഷികൾ കൂടുകൂട്ടുന്നത്? പള്ളിയിൽനിന്ന് പുറത്തിറങ്ങിയപ്പോൾ ചുറ്റും ബിരിയാണിയുടെ മണം. ഒരു തമിഴ് മുസ്ലിമിൻെറ ഹോട്ടലാണ്. നല്ല തിരക്കുണ്ട്. ജീവിതോപാധികൾ തേടി ഏതെല്ലാം നാടുകളിലാണ് നമ്മൾ സ്വപ്നം വിതക്കുന്നത്!

തിരക്ക് പിടിച്ചൊരു ദിവസത്തിനൊടുവിൽ പേൾ നദിയുടെ സൗന്ദര്യം കാണാനിറങ്ങി. ഓരോ രാജ്യത്തിനും അവയുടെ സംസ്കാരം രൂപപ്പെടുന്നൊരു നദിയുണ്ടാവും. ഡാന്യൂബും നൈലും വോൾഗയും ടൈഗ്രിസും നിളയുമെല്ലാം അടയാളപ്പെടുത്തുന്നൊരു സംസ്കൃതിയുണ്ട്. ഗോൻസോയുടെ സൗന്ദര്യമാണ് പേൾ നദി. ചൈനയിലെ മൂന്നാമത്തെ വലിയ പുഴയാണ് ഇത്. കാൻറൺ ടവറിൻെറ മനോഹര കാഴ്ചയും ഇവിടെ സാധ്യമാവും. തിരക്കുപിടിച്ചൊരു നഗരത്തിൻെറ ഏറ്റവും ശാന്തവും പ്രസന്നവും ആയ മുഖം. ജോലിയുടെ ആലസ്യം ഇറക്കി വെക്കാൻ വരുന്നവരാവും കൂടുതലും. ഇവിടെയും പല ദേശക്കാരെ കാണാം. അവരൊന്നും സായാഹ്ന കാഴ്ചകൾ തേടി ഇറങ്ങിയവർ മാത്രമല്ല, പുഴയോട് ചേർന്നൊഴുകുന്ന ഒരു സംസ്കൃതിയെ അടുത്തറിയാൻ വന്ന സഞ്ചാരികൾ കൂടിയാണ്.

രാത്രിയെ പരിചയപ്പെടണമെന്ന് തോന്നി. ചെന്നെത്തുന്ന സ്ഥലങ്ങളിലെ രാത്രികളെ അറിയുക എന്നത് രസകരമായൊരു കാര്യമാണ്. സുരക്ഷിതത്വത്തിൻെറ പ്രശ്നങ്ങൾ ഇല്ലെങ്കിൽ മാത്രം. ഗ്രാമങ്ങൾക്ക് പകലുകളും നഗരങ്ങൾക്ക് രാത്രിയുമാണ് ഏറെ സൗന്ദര്യം. വിളക്കണഞ്ഞ നഗരക്കാഴ്ചകൾക്ക് ഏറെ ഭംഗിയാണ്. ആകാശത്തിലേക്ക് തലനീട്ടി നിൽക്കുന്ന കത്തീഡ്രലുകളുള്ള നഗരങ്ങൾക്ക് നിഗൂഢമായൊരു സൗന്ദര്യമുണ്ട്. ചെക്ക് റിപ്പബ്ലിക്കിലെ പ്രാഗിലെ പാതിരകളാവണം ഏറെ ഇഷ്ടപ്പെട്ടൊരു രാത്രിക്കാഴ്ച. ഏറെ വൈകിയ നേരത്ത് ഇറങ്ങിനടന്നു. ഭയക്കേണ്ടതായി ഒന്നുമില്ലെന്ന് ചൈനയിൽതന്നെ ജോലി ചെയ്യുന്ന നൗഫൽ പറഞ്ഞിരുന്നു. രാവിലെ ഏറെ തിരക്കുണ്ടായിരുന്ന തെരുവ് നിശ്ശബ്ദമാണ്. മങ്ങിയ വെളിച്ചവുമായി മരങ്ങൾക്കിടയിലൂടെ നീണ്ടുപോകുന്ന വഴികളിൽ ഏകാന്തത ആരെയോ കാത്തുനിൽക്കുന്നപോലെ.

കുറേക്കൂടി നടന്നപ്പോൾ ബുദ്ധക്ഷേത്രത്തിലേക്ക് ഇറങ്ങിപ്പോകുന്ന വഴികൾ കണ്ടു. മന്ത്രോച്ചാരണങ്ങൾ വലയംചെയ്യുന്നപോലെ. നിഴലുകൾപോലെ ബുദ്ധസന്യാസിമാർ. എല്ലാം തോന്നലാണ്. എന്നാലും ഇവരെന്തിനാണ് എന്നെയിങ്ങനെ ഭയപ്പെടുത്തുന്നത്. തിരിച്ചുള്ള നടത്തത്തിന് വേഗം കൂടുതലായിരുന്നു. വിജനത പൂത്തുനിൽക്കുന്ന വഴികൾ ചില നേരങ്ങളിലെങ്കിലും നമ്മെ ഭീരുവാക്കും. പൂക്കുടകൊണ്ട് അലങ്കരിച്ചൊരു സൈക്കിളിൽ ഒരു വനിത വേഗത്തിൽ ഓടിച്ചുപോയി. അവളൊന്ന് നിസ്സംഗമായി ചിരിച്ചു. ഏതു തിരിവിൽനിന്നാണ് അവൾ പ്രത്യക്ഷപ്പെട്ടത്?

എയർപോർട്ടിലേക്കുള്ള വഴിയിലാണ്. സതേൺ ചൈന എയർലൈൻസ് സമയത്തിനാണ്. മരങ്ങൾക്ക് മേലേ ഒരു മഴ തങ്ങിനിൽക്കാൻ തുടങ്ങിട്ട് നേരമേറെയായി. അതെങ്ങനെ, ഈ മരങ്ങളിത്തിരി സ്ഥലം കൊടുത്താലല്ലേ അതിന് ഭൂമിയെ ചുംബിക്കാൻ പറ്റൂ. ഉയർന്നുപൊങ്ങിയ വിമാനത്തിൻെറ വിൻഡോ ഗ്ലാസിൽ മഴത്തുള്ളികൾ വന്നുവീണു. അതുവരെ ശ്വാസംമുട്ടിനിന്ന മഴ തകർത്തു പെയ്തു. താഴെ കമ്യൂണിസ്റ്റ് പച്ചകൾ മഴ നനയുകയാണ്. ഇനിയുമെത്ര ഗ്രീഷ്മ വസന്തങ്ങൾ തണൽ വിരിക്കേണ്ടതുണ്ട് അവക്ക്... ●

ഗോൻസോയിലെ പേൾ നദി



## കത്തുകൾ



### ഒരു വിദ്യാലയത്തിനും ഈ ഗതി വരരുത്

എറണാകുളത്തെ അമ്പലമേട് സർക്കാർ സ്കൂൾ അടച്ചുപൂട്ടേണ്ടി വന്ന സാഹചര്യം വായിച്ചു. (ഒരു വിദ്യാലയം ശ്വാസംമുട്ടി മരിച്ച കഥ, ലക്കം 1563, ഫഹീം ചമ്രവട്ടം)

വിദ്യാലയങ്ങൾ പൊതുസ്വത്താണ്. പുതുതലമുറയെ വാർത്തെടുക്കുന്ന കേന്ദ്രങ്ങളാണ്. അവയെ സംരക്ഷിക്കേണ്ടത് സമൂഹത്തിൻെറ ബാധ്യതയാണ്. മാനേജ്മെൻറിൻെറയോ സർക്കാറിൻെറയോ മാത്രം ബാധ്യതയല്ല അത്. വിഷവാതക ദുരന്തത്തിൽനിന്ന് തലനാരിഴക്കാണ് ഈ കുട്ടികൾ രക്ഷപ്പെട്ടത്. ഇനിയുമൊരു ദുരന്തം വിഴുങ്ങും മുമ്പ് ആ കുട്ടികൾ രക്ഷപ്പെടുകയായിരുന്നു. ഒരു വിദ്യാലയത്തിനും ഈയവസ്ഥ വരരുത്. ഇതടക്കമുള്ള പല സാഹചര്യങ്ങൾ നമ്മുടെ സ്കൂളുകളുടെ സ്വസ്ഥമായ അന്തരീക്ഷത്തെ പ്രതിസന്ധിയിലാക്കുന്നുണ്ട്. നഗരങ്ങളിലാണ് പ്രയാസങ്ങൾ ഏറെയും. ഈയവസ്ഥ മാറണം.

വിദ്യാർഥികളുടെയോ അവരുടെ രക്ഷിതാക്കളുടെയോ മാത്രം ആവശ്യമല്ല ഇതൊന്നും. ഈ ഫീച്ചർ ഒരു മുന്നറിയിപ്പാണ്. പല സ്കൂളുകളും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ട്. അതിന് പല കാരണങ്ങളാണ്. എന്തുതന്നെയായാലും സ്കൂളുകൾ അടച്ചുപൂട്ടുന്ന സ്ഥിതി ഉണ്ടായിക്കൂടാ.

ഓരോ സ്കൂളും ഈ ഫീച്ചറിൻെറ പകർപ്പ് ഫ്രെയിം ചെയ്ത് വെക്കണം. തങ്ങളുടെ സ്കൂളിന് ഈ ഗതിവരില്ല എന്ന് വീണ്ടും വീണ്ടും ഉറപ്പാക്കണം.

സന്തോഷ്കുമാർ.പി
എടപ്പാൾ, മലപ്പുറം

### സ്കൂൾ മാത്രമല്ല, മനുഷ്യരും ശ്വാസംമുട്ടി മരിക്കും


അമ്പലമേട് സ്കൂളിൻെറ അവസ്ഥ എറണാകുളം നഗരത്തിലെ ഓരോ മനുഷ്യൻെറയും കഥകൂടിയാണ്. ദ്രുതഗതിയിലുള്ള വ്യവസായവത്കരണം മനുഷ്യരുടെയും സഹജീവജാലങ്ങളുടെയും ജീവനെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. പ്രത്യേകിച്ചും വ്യവസായശാലകളും മറ്റും സ്ഥിതിചെയ്യുന്ന മേഖലകളിൽ. ഒരേസമയം വെള്ളവും വായുവും മലിനീകരിക്കപ്പെടുന്ന സ്ഥിതിയുണ്ട്. സ്കൂളുകൾ മാത്രമല്ല, മനഷ്യൻ തൻെറ ജീവിതംതന്നെ അടച്ചുപൂട്ടേണ്ട സ്ഥിതി ഇന്ന് ഇവിടെയുണ്ട്. ഇത്തരം ഒരു വിഷയം ശ്രദ്ധയിൽ പെടുത്തിയതിന് ലേഖകനും വാരാദ്യമാധ്യമത്തിനും നന്ദി.

മിഥുല വി.
വൈപ്പിൻ, കൊച്ചി

### കാണേണ്ടവർ കാണട്ടെ

ഫഹീം ചമ്രവട്ടം എഴുതിയ ഫീച്ചർ ‘ഒരു വിദ്യാലയം ശ്വാസം മുട്ടി മരിച്ചപ്പോൾ എന്ന ഫീച്ചർ വായിച്ചു. വേദനാജനകം തന്നെയാണ് കാര്യങ്ങൾ. സ്കൂൾ അടച്ചുപൂട്ടി എന്നാൽ ആ പരിസരത്ത് ജീവിക്കാൻ കഴിയില്ല എന്നാണല്ലോ അർഥം. കാണേണ്ടവർ എത്രയും വേഗം ഇത് കാണട്ടെ.

ടി.വി. ഹരികുമാർ, കണിച്ചുകുളങ്ങര



### ഫെർമി ദ ഗ്രേറ്റ്

വാരാദ്യ മാധ്യമം 2018 ലക്കം 1562 ൽ പ്രസിദ്ധീകരിച്ച ‘ചെക്കൻ ഫെർമി’ എന്ന കഥ കാലിക പ്രസക്തിയുള്ളതാണ്. സോഷ്യൽ മീഡിയയുടെയും സ്വാർഥതയുടെയും ഈ കാലത്ത് സാമൂഹിക ഇടപഴകലിൻെറ ആവശ്യകത ഇത് ബോധ്യപ്പെടുത്തുന്നു. പുതുതലമുറക്കുള്ള സന്ദേശം ഒരു മോഷണത്തിലൂടെ രസകരമായി വരച്ചുകാട്ടിയതിന് ഡോ .എം ഷാജഹാനും വാരാദ്യ മാധ്യമത്തിനും നന്ദി .

അമൽ അബ്ദുൽ അസീസ്
ചാവക്കാട്, മുതുവട്ടൂർ

### ‘ചക്കക്കൂട്ട്’

ലക്കം 1561ൽ എ.പി. നൗഷാദ് എഴുതിയ ‘ചക്കക്കൂട്ട്’ ലേഖനം നന്നായിട്ടുണ്ട്. വിശിഷ്യ, ചക്ക കേരളത്തിൻെറ ഔദ്യോഗിക ഫലമായി സർക്കാർ പ്രഖ്യാപിച്ച ഈ സന്ദർഭത്തിൽ.

ചക്കയുടെ വിവിധ തരത്തിലുള്ള ഉപയോഗവും ഔഷധഗുണങ്ങളും മനസ്സിലാക്കാൻ ഉപകരിച്ചതിനൊപ്പം ജയിംസ് ജോസഫ് എന്ന വലിയ മനുഷ്യനെ അറിയാനും കഴിഞ്ഞു. ജയിംസ് ജോസഫിൻെറ മൊബൈൽ നമ്പർ കൂടെ ചേർത്തിരുന്നെങ്കിൽ നന്നായിരുന്നു.

കെ.പി. അബൂബക്കർ
മുത്തനൂർ

**വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.**
whatsapp: **9645006105**
e-mail: **varadyam@madhyamam.in**
**പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12**

i

### കെ.എസ്. ബിമൽ കഥാപുരസ്കാരം 2018

കെ.എസ്. ബിമലിൻെറ സ്മരണക്കായി എടച്ചേരി വിജയകലാവേദി ആൻഡ് ഗ്രന്ഥാലയം സംസ്ഥാനാടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്ന കഥാപുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. 10,001 രൂപയും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം. 2016 ജനുവരി ഒന്നിനും 2018 മേയ് 31നും ഇടക്ക് ഒന്നാം പതിപ്പായി പ്രസിദ്ധീകൃതമായ ചെറുകഥാ സമാഹാരങ്ങളാണ് പരിഗണിക്കുക. രചനയുടെ നാല് കോപ്പി വീതം ജൂൺ 15നകം ലഭിക്കണം.

### കോളജ് വിദ്യാർഥികൾക്ക് പ്രബന്ധ മത്സരം

കേരളത്തിലെ കോളജ്/സർവകലാശാല വിദ്യാർഥികൾക്കായി പൂർണോദയ ബുക്ക് ട്രസ്റ്റ് ‘ഇന്ത്യൻ ജനാധിപത്യത്തിൻെറ ഭാവി: ആശങ്കകളും പ്രതീക്ഷകളും’ എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധമത്സരം സംഘടിപ്പിക്കുന്നു. ഏഴുപേജിൽ കവിയാതെ മലയാളത്തിൽ തയാറാക്കി സ്വയം സാക്ഷ്യപ്പെടുത്തിയ പ്രബന്ധങ്ങൾ കലാലയത്തിലെ തിരിച്ചറിയൽ കാർഡിൻെറ കോപ്പിസഹിതം ജൂലൈ 10ന് മുമ്പ് ലഭിച്ചിരിക്കണം. തപാലിലോ ഇ-മെയിലിലോ അയക്കാം. തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ പ്രബന്ധങ്ങൾക്കും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകും. ശ്രദ്ധേയമായ രണ്ട് പ്രബന്ധങ്ങൾക്ക് ജി. കുമാരപിള്ള, ഐ.എം. വേലായുധൻ മാസ്റ്റർ എന്നിവരുടെ പേരിലുള്ള 5000 രൂപയുടെ കാഷ് അവാർഡുകൾ സമ്മാനിക്കും.

വിലാസം: സെക്രട്ടറി, പൂർണോദയ ബുക് ട്രസ്റ്റ്, ജേക്കബ് വള്ളനാട്ട് റോഡ്, കൊച്ചി 682018, ഫോൺ: 9447139028. ഇമെയിൽ: poornodaya.book.trust@gmail.com

### തെരുവുനാടകങ്ങൾ പുസ്തകരൂപത്തിൽ സമാഹരിക്കുന്നു

ഫാഷിസത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയുന്നു എന്നതാണ് തെരുവുനാടകങ്ങളുടെ പ്രസക്തി. അതുകൊണ്ടുതന്നെ തെരുവുനാടകങ്ങൾ കാലത്തിൻെറ കണ്ണാടികൂടിയായി തീരുന്നുമുണ്ട്. ഒരു പ്രതിഷേധം, പ്രതികരണം എന്ന നിലയിൽ നമ്മുടെ സാമൂഹിക ജീവിതത്തിൽ ഇത്തരം തെരുവുനാടകങ്ങൾ ഏറെ പ്രസക്തവുമാണ്.

ഒന്നോ രണ്ടോ വേദികളിൽ കളിച്ച് അപ്രത്യക്ഷമാവാനാണ് തെരുവുനാടകങ്ങളുടെ വിധി. അങ്ങനെ അപ്രത്യക്ഷമാവുന്ന തെരുവുനാടകങ്ങളെ പുസ്തകരൂപത്തിൽ സമാഹരിക്കാനും പ്രസിദ്ധീകരിക്കാനും ഹരിതം ബുക്സ് ആഗ്രഹിക്കുന്നു. തെരുവുനാടകങ്ങൾ നമ്മുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ചരിത്രംകൂടിയാണ്. ഇവ തീർച്ചയായും രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിൻെറ ഭാഗം കൂടിയാകേണ്ടതുണ്ട്.

പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന തെരുവുനാടകങ്ങൾ ഫോൺ നമ്പർ സഹിതം വിലാസം: ഹരിതം ബുക്ക്സ്, കാരപ്പറമ്പ് പി.ഒ, കോഴിക്കോട് 673010. email: harithambooks@gmail.com എന്ന വിലാസത്തിൽ അയക്കണം.

കഥ

# പൂച്ച

അഷ്റഫ് വി. നെടിയനാട്





ചിത്രീകരണം: ഒ.ബി. നാസർ

പൂച്ച വീട്ടിനുള്ളിൽ കയറി, കുട്ടികൾക്കായി പൊരിച്ചുവെച്ച മീൻ കട്ടുതിന്നത്രെ. അരിശംകൊണ്ട് തുള്ളിച്ചാടി നടക്കുകയാണ് ഭാര്യ. അവൾക്ക് അന്നും ഇന്നും പൂച്ചയെ ഇഷ്ടമല്ല. സംഗമവേളകളിൽ അവരുണ്ടാക്കുന്ന ശബ്ദങ്ങൾ അവൾക്ക് കേൾക്കാനേ ഇഷ്ടമല്ല. ഇതൊക്കെ ഇങ്ങനെ ശബ്ദകോലാഹലമുണ്ടാക്കണമോ എന്നതാണ് അവളുടെ ചോദ്യം. പൂച്ച കയറി അടുക്കളയിൽ എത്തിയിരിക്കുന്നു, ഇനി കിടപ്പറയിലാവും.

'ഭാര്യ കലിതുള്ളി പറഞ്ഞു, അതിനെ ഞാൻ പിടിച്ചുതരാം, നിങ്ങൾ ഒന്ന് നാടുകടത്തുമോ?'

അതിന് ഞാനൊന്നും പറഞ്ഞില്ല. കൊടുംപാവമാണ്, അവറ്റകൾക്ക് അവകാശപ്പെട്ടതല്ലേ ഈ വീട്. തറവാട് പൊളിച്ചപ്പോൾ അനാഥമായ പൂച്ചകൾ മുത്തശ്ശിയുടെ കൂടെ ഞങ്ങളുടെ പുതിയ വീട്ടിലേക്ക് മാറി. ഒരു പറമ്പ് ഇപ്പുറത്തേക്കുതന്നെ വരാൻ അവറ്റകൾക്ക് എന്ത് അറപ്പായിരുന്നു. ഇപ്പോൾ ഈ വീട്ടിൽനിന്ന് ഭക്ഷണം കഴിച്ച് എന്നും തറവാട് നിന്ന പറമ്പിലൂടെ ചുറ്റിനടക്കുന്നത് കാണാം.

മുത്തശ്ശി കിടപ്പിലായതോടെ അവറ്റകൾക്ക് ഭക്ഷണം കൊടുക്കാനാളില്ലാതായി. പിന്നെ കട്ടുതിന്നുകയല്ലാതെ എന്തു ചെയ്യാൻ. പൂച്ചകൾക്ക് എന്തെങ്കിലുമൊക്കെ തിന്നാൻ കൊടുക്കാൻ നിരവധി തവണ ഞാൻ പറഞ്ഞതാ. അതൊന്നും അവൾ കേട്ടില്ല.

വിശപ്പ് മനുഷ്യനെവരെ കള്ളനാക്കുന്നു. അര പിടി അരി കട്ടവനെ മർദിച്ചുകൊന്ന നാട്ടുകാരാ നമ്മള്. പിന്നെ പൂച്ചയെ എന്താ കൊല്ലുന്നതിന് എന്ന ചോദ്യമാണ് അവളിൽ.

'നമ്മൾ നാടുകടത്തുന്നല്ലേയുള്ളൂ. കൊല്ലുന്നൊന്നും ഇല്ലല്ലോ?'

ഞാൻ ഊണുകഴിച്ച് ഒന്ന് മയങ്ങി ഉണർന്നപ്പോൾ അവളുണ്ട് ഒരു ചാക്ക് നന്നായി വരിഞ്ഞുകെട്ടി എന്റെ ആക്ടിവ സ്കൂട്ടറിന് മുന്നിൽ കയറ്റിവെച്ചിരിക്കുന്നു.

കാടനെയും കുറുഞ്ഞിയെയും പിടിച്ച് ചാക്കിലാക്കിയതാണ്, എവിടെയെങ്കിലും കളഞ്ഞേക്ക്.

ഞാൻ വണ്ടിയെടുത്ത് സാവധാനത്തിൽ വിട്ടു. ചാക്കിൽനിന്നും കരച്ചിലൊന്നും കേൾക്കുന്നില്ല. ഇടക്ക് അനക്കമുണ്ട്. നഗരത്തിന്റെ അടുത്ത് ഒരു പുഴയുണ്ട്. പുഴ കുറുകെ പാലം. പാലം കടന്നാൽ നഗരമാണ്. അവിടെ ഒഴിഞ്ഞ ഒരു കാടുണ്ട്. ആ കാടിനടുത്ത് വണ്ടി സൈഡാക്കി ഞാൻ സാവധാനത്തിൽ ചാക്ക് തുറക്കാൻ നോക്കവേ നിരവധി ചാക്കുകൾ എന്റെ ശ്രദ്ധ ഉടക്കി. അതിൽ ഒരു ചാക്ക് കെട്ടഴിച്ചപ്പോൾ ഒരു പൂച്ച പുറത്തേക്ക് ചാടി ഓടി. ഓരോ ചാക്കിൽനിന്നും ഒന്നും രണ്ടും പൂച്ചകൾ പുറത്തേക്ക് ചാടി. ഒടുവിൽ ഞാൻ കൊണ്ടുവന്ന ചാക്കുകെട്ട് കയറുകെട്ട് ഒഴിവാക്കിയപ്പോൾ എനിക്ക് കണ്ണുകൾ വിശ്വസിക്കാനായില്ല. പൂച്ചകൾക്ക് പകരം മുത്തശ്ശിയുണ്ട് ചാക്കിൽ കുനിഞ്ഞുകൂടിയിരിക്കുന്നു. -മുത്തശ്ശി 'ശ്ചു,.... ച്ച്' എന്നൊരു ശബ്ദം പുറപ്പെടുപ്പിച്ചപ്പോൾ എങ്ങുനിന്നെന്നറിഞ്ഞില്ല ഞാൻ വിവിധ ചാക്കുകളിൽനിന്നും തുറന്നുവിട്ട പൂച്ചകൾ ഉൾപ്പെടെ ഒരു പാട് പൂച്ചകൾ മ്യാവൂ... എന്ന് കരഞ്ഞുകൊണ്ട് മുത്തശ്ശിക്ക് ചുറ്റും ഓടിയണഞ്ഞു...

ആ ശോഷിച്ച വിരലുകൾ ഓരോ പൂച്ചകളുടെയും രോമങ്ങളിൽ തഴുകുന്നതും അവറ്റകൾ കാണിക്കുന്ന സ്നേഹപ്രകടനവും കണ്ട് ഞാനങ്ങനെ നിന്നു, ഒരു പ്രതിമപോലെ.

●

വായന

# കലഹിക്കാത്ത മനസ്സുകൾ

റഷാദ് കൂരാട്

ജീവിതം എന്ന മൂന്നക്ഷരങ്ങളിലൂടെ കറങ്ങിക്കൊണ്ടിരിക്കുന്ന സൃഷ്ടി എന്ന് മനുഷ്യനെ പൊതുവെ വിളിക്കാറുണ്ട്. അനുഭവം എന്ന അവസ്ഥയിൽനിന്ന് മനുഷ്യന് ചിന്തയും വാക്കുകളുമുണ്ടാകുന്നു. ജീവിതാനുഭവങ്ങളുടെ ഏറ്റുപറച്ചിലുകൾതന്നെയാണ് കഥകളും കവിതകളും നോവലുകളുമായി പിറന്നുവീഴുന്നത്. സ്വന്തം അനുഭവങ്ങളുടെ ഏറ്റുപറച്ചിലുകളാണ് യുവ കഥാകൃത്ത് എൻ. അബ്ദുൽ ഗഫൂർ പുതിയ രചനയായ 'കരിങ്കൽപ്പൂവ്' എന്ന ചെറുകഥാ സമാഹാരത്തിലൂടെ പകർത്തുന്നത്. തന്റെ ചെറിയ ലോകത്തുനിന്ന് കണ്ടെത്തുന്ന വലിയ സത്യങ്ങളാണ് ഇതിലെ 16 കഥകളും.

വർത്തമാനകാല മുസ്‍ലിം സമുദായത്തിൽ തുടർന്നു പോരുന്ന അപചയത്തിന്റെ നേർരൂപമാണ് ഇതിലെ ആദ്യ കഥയായ 'അന്നം തിന്നുന്നവർ' എന്നതിൽ എഴുത്തുകാരൻ വരച്ചിടുന്നത്. മകളെ കെട്ടിച്ചുവിടുന്ന പിതാവ് അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ മറ്റുള്ളവരുടെ വാക്കിനുമേൽ അലിഞ്ഞില്ലാതാവുന്നു. കെട്ടാൻ പോകുന്ന ചെക്കന് ദുർനടപ്പുണ്ടെന്നറിഞ്ഞിട്ടും പണത്തിന്റെയും പ്രതാപത്തിന്റെയും മറവിൽ അവയൊക്കെ മൂടപ്പെട്ടുപോകുന്നു. ഇവിടെ പിതാവിന് സ്വന്തം സ്വരമില്ലാതെ പോവുന്നു. കാര്യങ്ങൾ തീരുമാനിക്കുന്നതാവട്ടെ, അയാളുടെ ചുറ്റും കൂടിനിൽക്കുന്നവരും.


പ്രായപൂർത്തിയാവുന്നതിനുമുമ്പേ വിവാഹം എന്ന കടമ്പയെ നേരിടേണ്ടിവരുന്ന പെൺകുട്ടിയുടെ മാനസികാവസ്ഥ വിവരിക്കുന്നതാണ് 'കണ്ണാടിയിൽ ഒരു മർയം' എന്ന കഥ. വീട്ടിലെ എല്ലാ കാര്യങ്ങൾക്കും ഓടിനടക്കുന്നവൾ, പഠനത്തിൽ മുന്നിലായിട്ടും ജീവിതാവസ്ഥകളിൽ നെടുവീർപ്പിട്ടു കഴിയുന്നവൾ, സഹനത്തോടെ മുന്നോട്ടുപോകാൻ പഠിപ്പിക്കുന്നവൾ. മർയം എന്ന കഥാപാത്രത്തെ കഥാകാരൻ പരിചയപ്പെടുത്തുന്നത് ഇങ്ങനെയൊക്കെയാണ്.

കഥ അവസാനിക്കുമ്പോൾ വായനക്കാരനിലുണ്ടാവുന്ന ദീർഘനിശ്വാസം സ്വന്തം അനുഭവങ്ങളിലൂടെ തന്നെയുള്ള ദീർഘനിശ്വാസമാവുന്നു. സ്ത്രീമനസ്സിന്റെ നൈമിഷിക നൊമ്പരങ്ങളെ തുറന്നിടുന്ന കഥയാണ് 'ഡാലിയ... ഡാലിയ'. മക്കളില്ലാത്തതിന്റെ വിഷയം ആവോളമുണ്ടായിട്ടും അതിനെ മനസ്സിൽതന്നെ കുഴിച്ചുമൂടി സ്വയം കത്തിയെരിയുന്ന ഡാലിയ പൂവിലേക്ക് അറിയാതെ തേൻ നുകരാനെത്തുന്ന തേനീച്ചയെ മനസ്സിന്റെ ചാഞ്ചല്യംകൊണ്ട് തന്നിലേക്ക് അടുപ്പിക്കേണ്ടിവന്ന അവസ്ഥയെ ഡാലിയ എന്ന കഥ തുറന്നുകാട്ടുന്നു. ഇവിടെ സ്ത്രീയാണോ പുരുഷനാണോ സമൂഹമാണോ കുറ്റക്കാരെന്ന ചോദ്യത്തിന് സാഹചര്യം എന്നതു മാത്രമാണ് ഉത്തരമെന്ന് എഴുത്തുകാരൻ ബോധ്യപ്പെടുത്തുന്നു.

കുടുംബബന്ധങ്ങളുടെ ആഴവും പരപ്പും, ആദിയും വേവും കഥകളിലൂടെ പകർത്താൻ എഴുത്തുകാരന് സാധിച്ചു എന്ന് ബോധ്യമാക്കുന്ന കഥകളാണ് കരിങ്കൽപ്പൂവ്, മതിലുകൾ, കള്ളപ്പന്നി, ദാഹം, ചേറ് എന്നിവ. ദാമ്പത്യജീവിതത്തിലെ ജയപരാജയത്തെ വരച്ചിടുന്നതാണ് കരിങ്കൽപ്പൂവ് എന്ന കഥയെങ്കിൽ ആദിവാസി ഗോത്രവിഭാഗത്തിലെ ദമ്പതിമാരുടെ പട്ടിണിയെയും നൊമ്പരങ്ങളെയും വിവരിക്കുന്നതാണ് ചേറ് എന്ന കഥ. മാംസളമായ ശരീരം എവിടെവെച്ച് കണ്ടാലും കൊത്തിവലിച്ചെടുക്കാൻ പാഞ്ഞുവരുന്ന കഴുകന്മാരുടെ മുന്നിൽ പ്രതിരോധമായി നിൽക്കുന്ന പിതാവിനെയും മകളെയുംകുറിച്ച് അനുഭവങ്ങളുടെ ലോകത്തുനിന്ന് വിവരക്കുന്നതാണ് 'കള്ളപ്പന്നി'.

"തണൽമരങ്ങളില്ലാത്ത വഴികളിലൂടെ നടക്കുമ്പോൾ, കല്ലിലും മുള്ളിലും തട്ടിവീഴാതെ, ചതുപ്പുകളിൽ പൂണ്ടുപോകാതെ, വാഹനങ്ങളുടെ തിരക്കിൽപെട്ടുപോകാതെ ശ്രദ്ധിച്ചുപോകണമെന്ന് അമ്മച്ചിയങ്ങനെ നെഞ്ചിനുള്ളിൽനിന്ന് ഓർമിപ്പിച്ചുകൊണ്ടേയിരിക്കും. പോരുമ്പോൾ ഉമ്മറത്ത് അമ്മച്ചി നോക്കിനിൽക്കും. മടങ്ങിയെത്തുമ്പോഴും കൈയിൽ വിളക്കുമായി അവിടെതന്നെയുണ്ടാവും..." 'വികലകാണ്ഡം' എന്ന കഥയിലൂടെ അനുഭവങ്ങളുടെ അധ്യായങ്ങളിലൊന്നിനെ വേദനയോടെ കടലാസിലേക്ക് പകർത്തിയതാണിത്. അവകാശങ്ങൾ കടലാസിൽ മാത്രം വരച്ചിട്ട് തടിതപ്പാനൊരുങ്ങിയ വികലാംഗക്ഷേമ സംഘടനയുടെ സെക്രട്ടറിയെ വിളിച്ചുചേർത്ത യോഗത്തിൽ, കാലുകൾക്ക് ബലം കൊടുക്കുന്ന ഇരുമ്പുവടിയെടുത്ത് ഏറുകൊടുത്ത് പ്രതിഷേധം അറിയിക്കേണ്ടിവന്നു. താൻ നിത്യവും കാണുന്ന വഴികളെയും കാഴ്ചകളെയും മനുഷ്യരെയുമാണ് ഗഫൂർ കഥകളിലൂടെ വായനാലോകത്തോട് വിളിച്ചുപറയുന്നത്. അതുകൊണ്ടു തന്നെ ഈ കഥകളിലെ ഭാഷയും സംസ്കാരവുമെല്ലാം തികച്ചും ഗ്രാമീണമയമുള്ളതാണ്. നമ്മൾ അവഗണിച്ച് വഴിമാറ്റിവിടുന്ന കഥാപാത്രങ്ങളെ ഗഫൂർ മനസ്സുകൊണ്ട് സ്വീകരിച്ച് അവരുടെ നോവുകളെ തന്റെ തൂലികയിലൂടെ ലോകത്തെ അറിയിക്കുന്നു. അതുകൊണ്ടുതന്നെ ഈ പുസ്തകത്തിലെ കഥകളും കഥാപാത്രങ്ങളും ഇന്നും നമുക്കു ചുറ്റിലും ജീവിക്കുന്നുണ്ട്; അറിയപ്പെടാത്ത ലോകത്ത് കലഹമില്ലാത്ത മനസ്സുമായി.

●



**കരിങ്കൽപ്പൂവ്**
**എൻ. അബ്ദുൽ ഗഫൂർ**
**പ്രസാധകർ: ഗ്രീൻ ബുക്സ് തൃശൂർ**
**പേജ്: 104, വില: 125 രൂപ**

കവിത

# ശാന്തം

സിബി ഇലവുപാലം


ഇവിടം എത്ര ശാന്തമാണ്;
മടിയിൽ കനമില്ലാത്ത ഫക്കീറിന്റെ
ഉറച്ച ഉറക്കംപോലെ ശാന്തം.
നിലച്ചുപോയ ഘടികാരത്തിലെ
നിരോധിച്ച അക്കങ്ങളിൽ
ചുറ്റിപ്പതിച്ച സൂചിക്കാലുകളുടെ
നിശ്ചലതപോലെ ശാന്തം.

തിരച്ചിത്രം തെളിയുംമുമ്പു തെളിക്കുന്ന
ഉത്തമഗാനത്തിലൂടുരുണ്ടേറുന്ന
ദേശഭക്തിയുടെ ഉച്ചലനത്തിൽ
ഇരിയിടങ്ങളിൽനിന്നും
ചിന്തയില്ലാതെ ചന്തികൾ പൊങ്ങുമ്പോൾ
വീർപ്പുമുട്ടിയ ഇരിപ്പിടങ്ങളിൽനിന്നും
ഇറുകിപ്പിടഞ്ഞു ചാഞ്ഞ
കിരുകിരുപ്പുകൾപോലും
ഒരു കീഴ്ത്താളമെന്നപോലെ
ഈ ശാന്തതക്കു താഴെ തണുത്തുറയുന്നു.

മാംസാഹാരങ്ങളുപേക്ഷിച്ച
വിശന്നചേരികളിലെ രക്തമാംസസ്ഥികളെ
പുല്ലുനക്കുന്ന മേച്ചിൽപ്പുറങ്ങൾക്ക്
പശുക്കൾ പുല്ലുതിന്നുന്ന ശാന്തത
ഇരുകാലികൾ
അയവിറക്കി
കടവായിലൊലിപ്പിച്ച ഉമിനീരിനും
ശാന്തതയുടെ ശവമണം.

തരംതിരിച്ചിട്ട ഒച്ചകളൊന്നും
ഈ ഉച്ചച്ചൂടിലും
വിത്തുകളായിപ്പോലും
പൊട്ടിവീഴാത്തത്ര ശാന്തമാണിവിടം,
രതിവ്യവസായശാലകളിലെ
പട്ടിവാലുകളെന്നപോലെ.

നിർബന്ധങ്ങളോ
വാശിപ്പിണക്കങ്ങളോ ഇല്ലാതെ
ഈ നിശ്ശബ്ദതയെ
മുലച്ചുണ്ടുകൊണ്ടുപോലും
ഒരുനുള്ളു വെളുപ്പിക്കാതെ
പാൽപ്പൈതങ്ങൾപോലും
മരിച്ചുകിടന്ന്
ഈ ശാന്തതയെപ്പോലും
അതിശയിപ്പിക്കുന്നു.



ചിത്രീകരണം: കെ. നിസാർ

ഈ ശാന്തതയിൽ ധ്യാനിച്ചുമരിക്കുക!
കുളിരുകൊള്ളിക്കുന്നു;
കുടിയേറ്റക്കാരന്റെ
ഈ പ്രാർഥനയെപ്പോലും.


●

പുസ്തകം



**മക്മൽബഫ്**
**ഒരു വിമത ചലച്ചിത്രകാരൻ രൂപപ്പെടുന്നു**
**ഹമീദ് ദബാഷി**
**വിവ. ഷിബു ബി.**
**പേജ്: 358, വില: 400.00**
**മാതൃഭൂമി ബുക്സ്**

ഇറാൻ സിനിമയുടെ പര്യായമായി തീർന്ന മുഹ്സിൻ മഖ്മൽബഫിന്റെ ജീവിതത്തിലൂടെയും ദൃശ്യവിസ്മയങ്ങളായ സിനിമകളിലൂടെയും നടത്തുന്ന സഞ്ചാരം.




**മോപസാങ്ങിന്റെ നിലാവെട്ടവും മറ്റ് പ്രണയകഥകളും**
**ഒരു കൂട്ടം എഴുത്തുകാർ**
**പേജ്: 206 വില: 199**
**ഡി.സി ബുക്സ്**

മത്സ്യകന്യക, നിലാവെട്ടം, വെളുത്ത സ്റ്റോക്കിങ്, രണ്ട് വധുക്കൾ തുടങ്ങി വിശ്വപ്രസിദ്ധമായ പ്രണയകഥകളുടെ വിശിഷ്ട സമാഹാരം.



**എം. സുകുമാരൻ പ്രതിജ്ഞാബദ്ധനായ തത്വജ്ഞാനി**
**എഡിറ്റർ: എം. ജീവേഷ്**
**പേജ്: 112, വില: 130.00**
**പൂർണ പബ്ലിക്കേഷൻസ്**

തമസ്കരിക്കപ്പെട്ട ജീവിതമുന്നേറ്റങ്ങളെ തീക്ഷ്ണഭാവത്തിൽ മലയാളിക്ക് മുന്നാകെ അവതരിപ്പിച്ച എം. സുകുമാരന്റെ എഴുത്തുകളിലൂടെ കടന്നുപോകുന്നു ഈ ഓർമപുസ്തകം.



**ദേശീയതയും വർഗീയതയും**
**സോമശേഖരൻ**
**പേജ്: 208, വില: 240.00**
**ഡെമോക്രാറ്റിക് ഡയലോഗ് വടകര**

വർഗീയതക്കെതിരായ വർത്തമാനകാല വിമർശനങ്ങളോടുള്ള വിമർശനമാണ് എഴുത്തുകാരൻ നടത്തുന്നത്. ഹിന്ദുത്വരാഷ്ട്ര സങ്കൽപം രാജ്യദ്രോഹ പ്രത്യയശാസ്ത്രമാണെന്ന് സൈദ്ധാന്തികമായി തെളിയിക്കുന്നു എഴുത്തുകാരൻ.




**അംബേദ്കറും നവഹിന്ദുത്വ രാഷ്ട്രീയവും**
**രാംപുനിയാനി**
**വിവ. യാസിർ ഖുത്തുബ്**
**പേജ്: 64, വില: 70.00**
**പ്രതീക്ഷ ബുക്സ്**

പഠനം ഭാരമാകാതെ, രസകരമാക്കാൻ കുട്ടികളെ സഹായിക്കുന്ന കഥകളുടെ സമാഹാരം. അക്ഷരങ്ങളും ആശയങ്ങളും മനസ്സിൽ പതിയാൻ സഹായകം.



**ജിന്നുകളുടെ നിസ്കാരം (നോവൽ)**
**ഡോ. ശബ്ന എസ്.**
**പേജ്: 112, വില: 140.00**
**ഇൻസൈറ്റ് പബ്ലിക്ക**

സ്ത്രീജീവിതങ്ങളുടെ പെൺകാഴ്ചയാണ് ഈ നോവൽ. ജീവിതത്തിന്റെ മനോഹാരിത തിരിച്ചറിയാതെ ഒടുങ്ങിപ്പോകുന്നവരുടെ കഥ. പരിചിത ചുറ്റുപാടുകളിൽനിന്ന് അപരിചിതമായൊരു ലോകം നോവലിസ്റ്റ് കണ്ടെടുക്കുന്നു.



**അഫ്ഗാനിസ്താൻ ഒരു അപകടകരമായ യാത്ര**
**ജോമോൻ ജോസഫ്**
**പേജ്: 172, വില: 200.00**
**മാതൃഭൂമി ബുക്സ്**

യുദ്ധവും അധിനിവേശവും വംശീയ സംഘർഷങ്ങളും സംഘർഷ ഭരിതമാക്കിയ അഫ്ഗാനിസ്താനിലൂടെ നടത്തിയ യാത്രയുടെ അനുഭവം.



**നിങ്ങളുടെ കുട്ടികൾ സുരക്ഷിതരാണോ**
**ഡോ. സഞ്ജയ് കുമാർ ഗുരുദിൻ**
**പേജ്: 209, വില: 175.00**
**ഒലിവ്**

നമ്മുടെ കുട്ടികൾ അഭിമുഖീകരിക്കുന്ന ഭീഷണികളും അപകടങ്ങളും അവയെ നേരിടേണ്ട മനഃശാസ്ത്ര രീതിയും വിശദീകരിക്കുന്ന പുസ്തകം.






സത്യപാലിന്റെ ചിത്രങ്ങൾ

സത്യപാലിന്റെ ചിത്രങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു ഭാവുകന് ഫാഷിസം ഒരു ജനതയുടെ സംസ്കൃതി ഇല്ലാതാക്കുന്ന കരാളവൃത്തികളിൽ നഖശിഖാന്തം അമർഷംകൊള്ളുന്ന ഒരു കലാകാരനെ കാണാം. പ്രതിരോധത്തിന്റെ കലയ്ക്ക് മാത്രമേ മനുഷ്യവംശത്തിന്റെ ചരിത്രം സത്യസന്ധമായി അടയാളപ്പെടുത്താനാവൂവെന്ന് ഈ ചിത്രങ്ങൾ തറപ്പിച്ചു പറയുന്നു


ചിത്രകല

# പാവകളിൽനിന്ന് പറവകളിലേക്കുള്ള ദൂരം

ഗായത്രി

ചരിത്രത്തെയും നരവംശശാസ്ത്രത്തെയും മനുഷ്യന്റെ ജീവിതത്തിൽനിന്ന് നിഷ്കാസനം ചെയ്യുക എന്നത് സാംസ്കാരിക ഫാഷിസത്തിന്റെ ഗൂഢതന്ത്രമാണ്. കോടിക്കണക്കിന് വർഷങ്ങൾകൊണ്ട് മനുഷ്യസമൂഹം കൈവരിച്ച സാംസ്കാരികവും സാമൂഹികവും ശാസ്ത്രീയവുമായ വികാസങ്ങളെ നിസ്സാരവത്കരിക്കുകയും അതിന്റെ ചരിത്രയാഥാർഥ്യങ്ങളെ അവമതിക്കുകയും ചെയ്തുകൊണ്ടേ ഫാഷിസത്തിന് മനുഷ്യന്റെ സാംസ്കാരിക വ്യവഹാരങ്ങളിൽ കടന്നുകയറാനാവുകയുള്ളൂ. ഇതിനെതിരെ പ്രതികരിക്കാൻ കലയും സാഹിത്യവും സംസ്കാരവും കൈകാര്യം ചെയ്യുന്നവർ മുന്നോട്ടുവരാതിരിക്കാൻ കുടിലവൃത്തികളിലൂടെ സമൂഹത്തിൽ ഭയത്തിന്റെ മുട്ടകൾ വിരിയിച്ചെടുക്കാൻ ഫാഷിസ്റ്റുകൾ ബദ്ധശ്രദ്ധരും ജാഗരൂകരുമാണ്. അത്തരം പ്രവർത്തനങ്ങളിലെ വഞ്ചനകളും ചതികളും തിരിച്ചറിയാൻ കലാകാരന്മാരും എഴുത്തുകാരും വൈകുന്തോറും നമ്മുടെ ജനാധിപത്യത്തിന്റെ പാതകൾ കൂടുതൽ ഇരുളിലേക്ക് മാഞ്ഞുപോകും.

സത്യപാലിന്റെ രചനകൾ ആത്യന്തികമായി അനുവാചകനോട് പങ്കുവെക്കുന്നത് ഇത്തരം സമകാലികമായ ആശങ്കകളാണ്. ഒരു സമ്പൂർണകലാകാരൻ തന്റെ കലാപ്രവർത്തനം തന്നെ ഒരു രാഷ്ട്രീയ പ്രവർത്തനമായി സമർപ്പിക്കേണ്ട കാലത്തിന്റെ അനിവാര്യമായ ആവശ്യത്തെ സത്യപാൽ തിരിച്ചറിയുന്നുണ്ടെന്ന് അദ്ദേഹത്തിന്റെ പുതിയ രചനകൾ അടയാളപ്പെടുത്തുന്നു. 'പാവകളും പറവകളു'മെന്ന പൊതുനാമത്തിൽ അവതരിപ്പിക്കപ്പെട്ട ചിത്രങ്ങൾ പ്രധാനമായും രൂപാത്മക അമൂർത്തതയെ സ്പർശിക്കുന്ന രചനകളാവുമ്പോഴും അത് രൂപങ്ങളെ കൂടുതൽ ആശ്രയിക്കുന്നതിനാൽ അമൂർത്തതയുടെ സങ്കീർണതകളെ ലളിതവത്കരിക്കുന്നു. ചിത്രങ്ങളുടെ തലവാചകം നൽകുന്ന സൂചനകളിൽത്തന്നെ സമർഥമായി ചേർത്തുവെച്ചിരിക്കുന്ന ഒരു രാഷ്ട്രീയബോധത്തിന്റെ സമകാലികമായ വിചാരണകൾതന്നെയാണ് പ്രധാനമായും ചിത്രങ്ങൾ പങ്കുവെക്കുന്നത്. ആകാശത്തിലെ പറവകൾ വിതക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരകൾ നിറക്കുന്നില്ലെന്ന ബൈബിൾ വചനത്തിൽ ഒരു സാമ്പത്തികശാസ്ത്രത്തെ ഒളിപ്പിച്ചുവെച്ചിട്ടുണ്ട്. അമിതമായ ധനാസക്തിയും അധികാരാർത്തിയും മനുഷ്യവംശത്തിന്റെ സഹജമായ നിലനിൽപിന് വിരുദ്ധമാണെന്നും അത് അസമത്വത്തിലധിഷ്ഠിതമായ സമ്പദ്വ്യവസ്ഥയെ പരിപോഷിപ്പിക്കുമെന്നും ആ വചനം നമ്മോട് സാക്ഷ്യംപറയുന്നു. മനുഷ്യന് ഒരു പറവയാവാനുള്ള സ്വാതന്ത്ര്യം അവന്റെ സമ്പദ്ഘടനയിൽ മാത്രം ഒതുങ്ങുന്നതല്ല. ഇവിടെയാണ് മനുഷ്യ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിത്രകാരന്റെ നിലപാട് ഒരു ദർശനമായി രചനകളിൽ തെളിയുന്നത്. ചരിത്രബാഹ്യമായ ഒരു മനുഷ്യാവസ്ഥ സൃഷ്ടിക്കുകയെന്ന നീചമായ സ്വപ്നത്തിന് പിന്നിലാണ് മുതലാളിത്തമെന്ന വസ്തുത ഇന്ന് പരസ്യമാണ്.



സത്യപാൽ

ഇന്ത്യയിൽ ഇന്ന് കലാകാരന്മാരുടെയും ഇടതുപക്ഷജ്ഞാനികളുടേയും മുന്നിൽ രണ്ടുതരം മരണങ്ങളുണ്ട്, ജീവിതങ്ങളല്ല, തെരഞ്ഞെടുക്കാൻ. ഒന്ന് ഭരണകൂടത്തിന് സ്തുതിപാടി, ഭരണാധികാരിയെ വാഴ്ത്തി രചനകളിലേർപ്പെടുക. അല്ലെങ്കിൽ അവരുടെ കൊലക്ക് പാത്രമാകുക. പ്രതിബദ്ധതയുള്ളകലാകാരന് രണ്ടും മരണം തന്നെയാണ്. ഈ സത്യവചനങ്ങളാണ് സത്യപാൽ തന്റെ രചനകളിലൂടെ നിരന്തരം ആവർത്തിക്കുന്നത്.

'പാവകളും പറവകൾ'ക്ക് ആധാരമായി വർത്തിക്കുന്ന ജീവിതവിചാരങ്ങൾ ചിത്രകാരൻ സ്വീകരിച്ചിട്ടുള്ളത് ഛത്തിസ്ഗഢിലെ ബസ്തർജില്ലയിലെ ഗോത്രജനതയോടൊപ്പമുള്ള അദ്ദേഹത്തിന്റെ സഹവാസത്തിലെ അനുഭവങ്ങളിൽനിന്നാണ്. ഛത്തിസ്ഗഢിലെ ആകെ ജനസംഖ്യയുടെ മുപ്പതുശതമാനം വരുന്ന ഗോത്രമനുഷ്യരുടെ ജീവിതാവസ്ഥകൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതുപോലെ ദുരിതപൂർണംതന്നെയാണ്. അവരുടെ നിസ്വജീവിതത്തിന് അർഥംകൊടുത്ത് പൊലിപ്പിച്ചെടുക്കുവാൻ കലയെയാണ് അവർ ജീവിതത്തോട് ചേർത്തുവെക്കുന്നത്. അവരോടൊപ്പം വസിച്ച ചിത്രകാരന്റെ ജീവിതത്തിനുള്ള പ്രസക്തി ചിത്രകാരൻ അവരിൽ ഒരാളല്ലെന്നതുകൂടിയാണ്. ചിത്രതല പക്ഷിരൂപകങ്ങൾക്ക് ചിത്രകാരൻ നൽകുന്ന ഏകാത്മകമായ രൂപഘടനയിൽത്തന്നെ ബഹുസ്വരമായ വൈവിധ്യങ്ങളുടെ ചമത്കാരങ്ങൾ കാണാം. ഇന്ത്യയെപ്പോലെ ലക്ഷക്കണക്കിന് മനുഷ്യ ഗോത്രങ്ങൾ അനുവർത്തിക്കുന്ന സംസ്കൃതികളുടെയും പുരാവൃത്തങ്ങളുടേയും സാകല്യമെന്നത് ബഹുസ്വരമായ ഒരു സമഗ്രതയെ പുൽകലാണ് എന്ന് കലാകാരൻ കരുതുന്നു. പക്ഷികളെ സമൃദ്ധമായി ഉപയോഗിക്കുമ്പോഴും അവയുടെ സഹജപ്രകൃതമായ പറക്കൽ അത്രയൊന്നും മിഴിവോടേ ചിത്രണം ചെയ്തുകാണുന്നില്ലെന്നത് ഈ ചിത്രങ്ങളെ വായിച്ചെടുക്കുമ്പോൾ പ്രസക്തമാകുന്ന ഒരു വസ്തുതയാണ്. സ്വാതന്ത്ര്യസ്വപ്നങ്ങളുടെ അനന്തവിഹായസ്സിലേക്കും അധികാരികൾ അടിച്ചേൽപിക്കുന്ന കൽത്തുറുങ്കുകളിൽനിന്ന് വെളിച്ചത്തിന്റെ തുറസ്സുകളിലേക്കും ചിറകുവിരിക്കാനുള്ള ജന്മസിദ്ധമായ അവയുടെ ത്വരകളെ അരിഞ്ഞുകളഞ്ഞ വ്യവസ്ഥിത വ്യവഹാരങ്ങൾക്ക് കീഴിലെ പറവകൾക്ക് ചിറകുണ്ടെങ്കിലും പറക്കാനറിയില്ല. പറക്കമുറ്റാത്ത പറവകളായി നവസാമ്രാജ്യത്വത്തിന്റെ നുകക്കീഴിൽ അടിഞ്ഞുപോയ മനുഷ്യജീവിതത്തിന്റെ പരിച്ഛേദമായി ഈ പറവകൾ പരിണമിക്കുന്നു. പല ചിത്രങ്ങളിലും ചക്രങ്ങൾ ഘടിപ്പിക്കപ്പെട്ട പറവകൾക്കൊപ്പം മനുഷ്യസദൃശമായ രൂപങ്ങളും കാണാം. ഈ ചക്രങ്ങൾ അവരിൽ അന്തർലീനമായിരിക്കുന്ന ചാലകോർജംതന്നെയാകുമ്പോഴും അവ സ്വയം ചലനോർജം ആവാഹിക്കാൻ പ്രാപ്തമല്ലാത്തവിധം ചലനരഹിതമാണ്. ഇവിടെ സ്ഥലവും കാലവും സ്വാശ്രിതമായ ഒരു ചലനോർജത്തിന്റെ അടിയാളരായി മാറപ്പെടുന്ന ഒരു പ്രതിഭാസംകൂടി അതിന്റെ ആയവ്യയത്തിൽ തെളിയുന്നുണ്ട്. ഫാഷിസം കടന്നുവരുന്നതിന്റെ സൂചകങ്ങൾകൂടിയായി അതിനെ കണക്കാക്കണം. അത്രമേൽ ഭീതിദമാം വിധം പാവവത്കരിക്കപ്പെടുന്ന മനുഷ്യസമൂഹത്തെയാണ് നവസാമ്രാജ്യത്വം സൃഷ്ടിച്ചെടുത്തുകൊണ്ടിരിക്കുന്നത്. സത്യപാലിന്റെ ചിത്രങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു ഭാവുകന് ഫാഷിസം ഒരു ജനതയുടെ സംസ്കൃതി ഇല്ലാതാക്കുന്ന കരാളവൃത്തികളിൽ നഖശിഖാന്തം അമർഷംകൊള്ളുന്ന ഒരു കലാകാരനെ കാണാം.

പലയിടത്തും ഇരുണ്ട പശ്ചാത്തലത്തെ അപ്രസക്തമാക്കിക്കൊണ്ട് ചിത്രതലത്തിൽ മൊട്ടിടുന്ന കടുംവർണങ്ങളിലെ മിന്നായംപോലെ നമ്മെ സ്പർശിക്കുന്ന ചില നിറത്തുണ്ടുകൾ കാലം അത്രമേൽ കെട്ടുപോയിട്ടില്ലെന്ന് കാഴ്ചക്കാരനോട് പറയാതെ പറയുന്നുണ്ട്. പ്രതിരോധത്തിന്റെ കലയ്ക്ക് മാത്രമേ മനുഷ്യവംശത്തിന്റെ ചരിത്രം സത്യസന്ധമായി അടയാളപ്പെടുത്താനാവൂവെന്ന് ചിത്രകാരൻ വിശ്വസിക്കുന്നതായി അദ്ദേഹത്തിന്റെ രചനകളിൽ ചിന്താതെ ചിന്തപ്പെടുന്ന ചോരപ്പാടുകൾ കുറിച്ചിടുന്നു. ജീവിച്ചിരിക്കുന്ന കുഴലൂത്തുകാരേക്കാൾ കൊല്ലപ്പെടുന്ന ചേകോന്മാരിലാണ് കലാകാരൻ കുടികൊള്ളുന്നതെന്ന പൊള്ളുന്ന ഓർമകളാണ് ആത്യന്തികമായ ഈ രചനകൾ പങ്കുവെക്കുന്നത്. ●

നൃത്തം

# മാനവികതയുടെ കല

വി.വി. ശ്രീജിത്ത്

കലയിലെ ആത്മീയത തിരിച്ചറിഞ്ഞ ആ നിമിഷത്തിന് നന്ദിപറയുകയാണ് ഈ നർത്തകി. ലാസ്യ, ലാവണ്യ സമ്പന്നമായ ചുവടുകളിലൂടെ മോഹിനിയാട്ട വേദികളെ ആസ്വാദകർക്ക് പ്രിയങ്കരമാക്കിയ കലാമണ്ഡലം ഹുസ്ന ബാനു വേർതിരിവുകൾക്കപ്പുറം നൃത്തത്തിന്റെ പരിപൂർണതയിലാണ് ശ്രദ്ധയൂന്നുന്നത്. ഇത്തവണ സംഗീത നാടക അക്കാദമി പുരസ്കാരത്തിന് അർഹയായ ഈ തൃശൂർ സ്വദേശിനി മാനവികതയാണ് യഥാർഥ കലയെന്ന വിശ്വാസക്കാരിയാണ്. കലാമണ്ഡലം ക്ഷേമാവതി ടീച്ചറുടെ കീഴിൽ നൃത്തം അഭ്യസിച്ചായിരുന്നു തുടക്കം. എതിർപ്പുകളെല്ലാം ഉണ്ടായിരുന്നു. പക്ഷേ, വീട്ടുകാരുടെ പിന്തുണ ചുവടുകളിൽ കരുത്തായി. പിതാവ് ഹബീബ് ഖാനും മാതാവ് സലീലയും എന്നെ ഒരു നർത്തകിയായി കാണാൻ ഏറെ ആഗ്രഹിച്ചവരാണെന്ന് ഹുസ്നാബാനു ഓർക്കുന്നു.

"നാലുവർഷം കലാമണ്ഡലത്തിൽ മോഹിനിയാട്ടം അഭ്യസിച്ചു-1972 മുതൽ 76 വരെ. 12ാം വയസ്സിലാണ് അവിടെ ചേർന്നത്. കലാമണ്ഡലം സത്യഭാമ, കലാമണ്ഡലം പത്മിനി തുടങ്ങിയവരുടെ പരിശീലനം ഏറെ അനുഗ്രഹമായി. പിന്നീട് സരസ്വതി ടീച്ചർ, വസുന്ധര ദൊരൈസ്വാമി എന്നിവരുടെ കീഴിലും അഭ്യസിച്ചു. തുടർന്ന് ലീലാമ്മ ടീച്ചറുടെ കീഴിലുള്ള പഠനകാലത്ത് മോഹിനിയാട്ടത്തിന്റെ വിവിധ മേഖലകൾ കുറെക്കൂടി ആഴത്തിൽ അറിയാനായി."

കലാമണ്ഡലത്തിൽ പഠിച്ചിറങ്ങുന്ന അധികം പേർക്കും വേദികൾ ലഭിക്കുന്നില്ലെന്നത് സത്യമാണെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു. പരിശീലനരംഗത്ത് ഒതുങ്ങുകയാണ് പലരും. ഫിൻലാൻഡ്, എസ്തോണിയ തുടങ്ങിയ രാജ്യങ്ങളിലെല്ലാം മോഹിനിയാട്ടം അവതരിപ്പിച്ച ഹുസ്ന ബാനു തൃശൂരിൽ നൃത്തപഠനകേന്ദ്രം നടത്തുകയാണിപ്പോൾ. തൃശൂർ പാട്ടുരായ്ക്കലിലാണ് താമസം.

സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ പുരസ്കാരം, കലാദർപ്പണം അവാർഡ്, എൻ. കൃഷ്ണൻകുട്ടി സ്മാരക പുരസ്കാരം തുടങ്ങിയവ ഇതിനകം തേടിയെത്തി. അനുജൻ ഷാനവാസും ഏറെ വർഷം നൃത്തമഭ്യസിച്ചിരുന്നു. മകൾ ഷബാനയും മരുമകൻ ഷഫീഖുദ്ദീനും ഭരതനാട്യരംഗത്ത് സജീവമാണ്. മൃദംഗമഭ്യസിച്ച മകൻ നിഷാദും കലയുടെ കൂടെയുണ്ട്. വിമുക്ത ഭടനാണ് ഭർത്താവ് സുന്നജാൻ. ●



ഹുസ്ന ബാനു

